ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

TIME: 06.30 PM DATE:14.08.2024

## പ്രധാനവാർത്തകൾ

1). 78-ാം സ്വാതന്ത്ര്യ ദിനത്തിന് മുന്നോടിയായി രാഷ്ട്രപതി ദ്രൗപതി മുർമു അൽപസമയത്തിനകം രാജ്യത്തെ അഭിസംബോധന ചെയ്യും.

2) സ്വാതന്ത്ര്യദിനാഘോഷങ്ങൾക്ക് തുടക്കം കുറിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ ന്യൂഡൽഹിയിലെ ചുവപ്പ് കോട്ടയിൽ ദേശീയ പതാക ഉയർത്തും.

3) എല്ലാ മലയാളികൾക്കും സ്വാതന്ത്ര്യ ദിനാശംസകൾ നേർന്ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ. സംസ്ഥാനതല സ്വാതന്ത്രദിനാഘോഷങ്ങളുടെ ഭാഗമായി മുഖ്യമന്ത്രി പിണറായി വിജയൻ നാളെ തിരുവനന്തപുരത്ത് ദേശീയ പതാക ഉയർത്തും.

4) വയനാട് ഉരുൾപ്പൊട്ടലിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് ആറ് ലക്ഷം രൂപ ധനസഹായം അനുവദിക്കാൻ സംസ്ഥാന മന്ത്രിസഭാ തീരുമാനം.

5) കേരളത്തിൽ വ്യാപക മഴ തുടരുമെന്ന് കാലാവസ്ഥാ മുന്നറിയിപ്പ്. എറണാകുളം, തൃശൂർ, കണ്ണൂർ ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത.

6) പി.ആർ ശ്രീജേഷിനോടുള്ള ആദരസൂചകമായി 16-ാം നമ്പർ ജേഴ്സി ഹോക്കി ഇന്ത്യ പിൻവലിച്ചു.

RNU TVPM

******************************************************************************************************

## സ്വാതന്ത്ര്യദിനം ഡൽഹി - (ഇൻട്രോ)

78-ാം സ്വാതന്ത്ര്യ ദിനത്തിന് മുന്നോടിയായി രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് വൈകുന്നേരം 7 മണിക്ക് രാജ്യത്തെ അഭിസംബോധന ചെയ്യും. സ്വാതന്ത്ര്യ ദിനാഘോഷങ്ങൾക്കുള്ള മുന്നൊരുക്കങ്ങൾ രാജ്യത്ത് പൂർത്തിയായിക്കഴിഞ്ഞു. ന്യൂഡൽഹിയിലെ ചുവപ്പ് കോട്ടയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ ദേശീയ പതാക ഉയർത്തും. തുടർന്ന് അദ്ദേഹം രാഷ്ട്രത്തെ അഭിസംബോധന ചെയ്യും. **2047 ഓടെ വികസിത ഭാരതം** എന്ന പ്രമേയം അടിസ്ഥാനമാക്കിയാണ് ഇക്കുറി സ്വാതന്ത്ര്യദിനാഘോഷങ്ങൾ.

**വിശദാംശങ്ങളിലേക്ക്.......**

**(വോയിസ്.................)**

ചുവപ്പ് കോട്ടയിൽ നാളെയെത്തുന്ന പ്രധാനമന്ത്രി നരേന്ദ്രമോദിയെ വിവിധ സേനാ വിഭാഗങ്ങൾ ഗാർഡ് ഓഫ് ഓണർ നൽകി സ്വീകരിക്കും. രാജ്യരക്ഷാമന്ത്രി രാജ് നാഥ് സിങ്ങും, സംയുക്ത സേനാ മേധാവി അനിൽ ചൗഹാനും, മൂന്ന് സേനാ മേധാവികളും അദ്ദേഹത്തെ അഭിവാദ്യം ചെയ്യും. ചുവപ്പു കോട്ടയിൽ നാളെ നടക്കുന്ന സ്വാതന്ത്ര്യദിനാഘോഷ ങ്ങളിൽ ആറായിരത്തോളം പേരാണ് വിശിഷ്ടാതിഥികളായി പങ്കെടുക്കുന്നത്. യുവജനങ്ങൾ, ഗോത്രവിഭാഗക്കാർ, കർഷകർ, വനിതകൾ തുടങ്ങി സമൂഹത്തിൻറെ നാനാതുറയിൽ നിന്നുള്ള വ്യക്തികളെ അതിഥികളായി ക്ഷണിച്ചിട്ടുണ്ട്. പാരിസ് ഒളിമ്പിക്സിൽ പങ്കെടുത്ത് മടങ്ങിയെത്തിയ ഇന്ത്യൻ കായികതാരങ്ങൾക്കും സ്വതന്ത്രദിനാഘോഷങ്ങളിൽ പ്രത്യേക ക്ഷണമുണ്ട്. എൻസിസി, എൻഎസ്എസ് അംഗങ്ങൾ, അടൽ ഇനവേഷൻ ദൗത്യം, പിഎം

RNU TVPM

ശ്രീ എന്നിവയുടെ ഭാഗമായ വിദ്യാർത്ഥികൾ, മേരാ യുവ ഭാരത് അംഗങ്ങൾ, അംഗൻവാടി ജീവനക്കാർ, ആശാ പ്രവർത്തകർ, വനിതാ ജനപ്രതിനിധികൾ തുടങ്ങിയവരും ആഘോഷങ്ങളിൽ പങ്കെടുക്കും.

ന്യൂസ് ഡെസ്ക്, ആകാശവാണി.....

****************************************************************************************************

## കേരളം - സ്വാതന്ത്ര്യദിനം

സംസ്ഥാനത്ത് സ്വാതന്ത്ര്യദിന ആഘോഷങ്ങൾക്ക് തുടക്കം കുറിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ നാളെ രാവിലെ 9 - ന് തിരുവനന്തപുരത്ത് ദേശീയ പതാക ഉയർത്തും. തുടർന്ന് വിവിധ സേനാവിഭാഗങ്ങളുടെ അഭിവാദ്യം സ്വീകരിക്കുന്ന മുഖ്യമന്ത്രി സ്വാതന്ത്ര്യദിന സന്ദേശവും ചടങ്ങിൽ നൽകും. ജില്ലാ ആസ്ഥാനങ്ങളിൽ നടക്കുന്ന സ്വാതന്ത്ര്യദിന ചടങ്ങുകളിൽ ജില്ലയുടെ ചുമതലയുള്ള മന്ത്രിമാർ പതാക ഉയർത്തി അഭിവാദ്യം സ്വീകരിക്കും.

RNU TVPM

****************************************************************************************************

## ഗവർണർ - ആശംസ

എല്ലാ മലയാളികൾക്കും ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ സ്വാതന്ത്ര്യ ദിനാശംസകൾ നേർന്നു. ഏറ്റവും വലിയ ജനാധിപത്യ രാജ്യത്തിലെ പൗരർ ആയ നാം, സ്വാതന്ത്ര്യവും സമത്വവും പരിപോഷിപ്പിക്കാനും, ഉന്നത ജനാധിപത്യമൂല്യങ്ങൾ പാലിച്ചുകൊണ്ട് എല്ലാവരുടെയും ക്ഷേമത്തിനായി യത്നിക്കാനും ബാദ്ധ്യസ്ഥരാണെന്ന് ഗവർണർ ആശംസാ സന്ദേശത്തിൽ പറഞ്ഞു. ഭാരതീയർ എന്ന നിലയിലുള്ള നമ്മുടെ പ്രവർത്തനം, വികസിതഭാരതം എന്ന ലക്ഷ്യത്തിലേക്കുള്ള ഭാരതത്തിൻറെ

അമൃതയാത്രയ്ക്ക് ശക്തി പകരുന്നതാകട്ടെ എന്നും ഗവർണർ ആശംസിച്ചു.

**************************************************************************************

**<u>വയനാട് - മുഖ്യമന്ത്രി</u>**

വയനാട് ഉരുൾപ്പൊട്ടലിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് ആറ് ലക്ഷം രൂപ ധനസഹായം അനുവദിക്കാൻ സംസ്ഥാന മന്ത്രിസഭ തീരുമാനിച്ചു. ഉരുൾപൊട്ടലിൽ കണ്ണുകൾ, കൈകാലുകൾ എന്നിവ നഷ്ടപ്പെട്ടവർക്കും 60% ൽ അധികം വൈകല്യം ബാധിച്ചവർക്കും 75,000 രൂപ വീതവും 40% മുതൽ 60% വരെ വൈകല്യം ബാധിച്ചവർക്ക് 50,000 രൂപ വീതവും നൽകും. ക്യാമ്പുകളിൽ നിന്ന് വാടകവീടുകളിലേക്ക് മാറുന്നതിനായി ഒരു കുടുംബത്തിന് പ്രതിമാസം 6000 രൂപ അനുവദിച്ചത് ബന്ധുവീടുകളിലേക്ക് മാറുന്ന കുടുംബങ്ങൾക്കും നൽകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. എന്നാൽ സർക്കാർ ഉടമസ്ഥതയിലോ മറ്റു പൊതു ഉടമസ്ഥതയിലോ സ്വകാര്യ വ്യക്തികൾ സൗജന്യമായി നൽകുന്ന ഇടങ്ങളിലേക്കോ മാറുന്ന കുടുംബങ്ങൾക്ക് പ്രതിമാസ വാടക ലഭിക്കില്ല. നഷ്ടപ്പെട്ട സർട്ടിഫിക്കറ്റുകൾക്ക് പകരം പുതുക്കിയ രേഖകൾ നൽകുമ്പോൾ യാതൊരുവിധ ഫീസും ഈടാക്കാൻ പാടില്ലെന്ന് ഉത്തരവ് നൽകിയതായും മുഖ്യമന്ത്രി പറഞ്ഞു.

**************************************************************************************

**<u>വിലങ്ങാട് - മുഖ്യമന്ത്രി</u>**

വിലങ്ങാട് ഉരുൾപൊട്ടലുണ്ടായ സ്ഥലങ്ങളുടെ നിലവിലെ സ്ഥിതിഗതികൾ പഠിക്കാനും ഇവിടെ തുടർവാസം സാധ്യമാണോ എന്ന് പരിശോധിക്കുന്നതിനുമായി വിദഗ്ധപരിശോധന

RNU TVPM

പുരോഗമിക്കുകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഉരുൾപൊട്ടലിൽ രേഖകൾ നഷ്ടമായവർക്ക്, പകരം രേഖകൾ ലഭ്യമാക്കുന്നതിനായി മറ്റന്നാൾ പ്രത്യേക അദാലത്ത് സംഘടിപ്പിച്ചിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു.

****************************************************************************************************

## മന്ത്രിസഭായോഗം

സംസ്ഥാനത്തിൻറെ കരട് തീരദേശ പരിപാലന പ്ലാൻ കേന്ദ്രത്തിൻറെ അംഗീകാരത്തിനായി സമർപ്പിക്കാൻ മന്ത്രിസഭാ യോഗം തീരുമാനിച്ചു. CRZ- മൂന്നിൽ നിന്നും CRZ- രണ്ടിലേക്ക് 109 പഞ്ചായത്തുകളെ കൂടി തരം മാറ്റുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കാനാണ് തീരുമാനിച്ചത്. സംസ്ഥാനം ശുപാർശ ചെയ്ത പ്രകാരം 66 പഞ്ചായത്തുകളെ ഇതിനകം തന്നെ CRZ രണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. തൃശൂരിലെ അഡീഷണൽ സെഷൻസ് കോടതി-രണ്ടിനെ പ്രത്യേക കോടതിയാക്കി മാറ്റാനും മന്ത്രിസഭായോഗം തീരുമാനിച്ചു.

RNU TVPM

****************************************************************************************************

## തൃശൂർപൂരം-വെടിക്കെട്ട്

തൃശ്ശൂർ പൂരത്തിൻറെ വെടിക്കെട്ട് ആസ്വദിക്കാനായി പുതിയ ക്രമീകരണങ്ങൾ കൊണ്ടുവരുമെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി. പെസോ ഉദ്യോഗസ്ഥരുമായി മന്ത്രി തൃശ്ശൂരിൽ ഇന്ന് പ്രത്യേക യോഗം ചേർന്നിരുന്നു. ഇതു സംബന്ധിച്ച് പുതിയ റിപ്പോർട്ട് തയ്യാറാക്കി ഹൈക്കോടതിയിൽ നിന്ന് അനുമതി വാങ്ങുമെന്നും കേന്ദ്ര സഹമന്ത്രി അറിയിച്ചു.

****************************************************************************************************

**ജി.ആർ അനിൽ**

ഓണത്തിനോടനുബന്ധിച്ച് സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെയും പഴം, പച്ചക്കറി ഉത്പന്നങ്ങളുടെയും വില നിയന്ത്രിക്കുന്നതിന് ശക്തമായ നടപടി സ്വീകരിക്കുമെന്ന് മന്ത്രി ജി.ആർ അനിൽ . വിലക്കയറ്റം സംബന്ധിച്ച സ്ഥിതിഗതികൾ വിലയിരുത്തുന്നതിനായി ചേർന്ന ഉദ്യോഗസ്ഥതല യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. വിലക്കയറ്റം നിയന്ത്രിക്കുന്നതിൻറെ ഭാഗമായി പരിശോധനകൾ ശക്തമാക്കാനും മന്ത്രി നിർദ്ദേശം നൽകി.

*********************************************************************************************

**ഷിരൂർ-തിരച്ചിൽ**

കർണാടകയിലെ ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ കോഴിക്കോട് സ്വദേശി അർജുന് വേണ്ടി ഗംഗാവലി പുഴയിൽ ഇന്നും തെരച്ചിൽ നടന്നു. മുങ്ങൽ വിദഗ്ധൻ ഈശ്വർ മാൽപെ, നാവിക സേന, ദേശീയ - സംസ്ഥാന ദുരന്ത നിവാരണ സേനകൾ എന്നിവർ സംയുക്തമായാണ് തെരച്ചിൽ നടത്തിയത്. വാഹനത്തിൻറേതെന്ന് സംശയിക്കുന്ന ലോഹഭാഗങ്ങൾ കണ്ടെത്തിയെങ്കിലും ഇത് അർജുൻ ഓടിച്ചിരുന്ന ലോറിയുടേതാണോ എന്ന കാര്യത്തിൽ സ്ഥിരീകരണമില്ല. എന്നാൽ തിരിച്ചിലിൽ കണ്ടെത്തിയ കയർ ലോറിയുടമ തിരിച്ചറിഞ്ഞിട്ടുണ്ട്. ഡ്രഡ്ജർ സ്ഥലത്തെത്തിച്ച് മണ്ണ് മാറ്റി തിരച്ചിൽ തുടരാനുള്ള ശ്രമങ്ങളാണ് ഇപ്പോൾ നടക്കുന്നത്.

RIU TVPM

*********************************************************************************************

**ഗാബിയോൺ കവചം**

ചൂരൽമല-മുണ്ടക്കൈ ദുരന്ത ബാധിത മേഖലയിൽ സേന നിർമ്മിച്ച ബെയ്‌ലി പാലത്തിന്, കരിങ്കൽ കല്ലുകൾ കൊണ്ട് ഗാബിയോൺ കവചം നിർമ്മിക്കാൻ തീരുമാനം.

ആർമിയുടെയും പൊതുമരാമത്ത് വിഭാഗത്തിൻറെയും മേൽനോട്ടത്തിൽ ഊരാളുങ്കൽ ലേബർ സൊസൈറ്റിയാണ് ഗാബിയോൺ വാൾ നിർമ്മിക്കുന്നത്. ഉരുക്കുപാലത്തിൻറെ നെടും തൂണുകൾക്ക് ചുറ്റിലും പാറക്കല്ലുകൾ നിരത്തി കമ്പി വലകളിൽ പൊതിയുന്നതാണ് നിർമ്മാണ രീതി. വെള്ളം ഉയർന്ന് കുത്തിയൊലിച്ചാലും പാലത്തിൻറെ തൂണുകൾക്ക് ബലക്ഷയം സംഭവിക്കുന്നത് തടയുകയാണ് ലക്ഷ്യം. മേഖലയിൽ ഇന്നലെയുണ്ടായ ശക്തമായ മഴയിൽ ബെയിലി പാലത്തിന് സമീപമുള്ള താത്കാലിക പാലം തകർന്നിരുന്നു.

*****************************************************************************

## വയനാട് ധനസഹായം -കണ്ണൂർ

വയനാട് ഉരുൾപൊട്ടൽ ദുരന്ത ബാധിതരെ സഹായിക്കാനായി കണ്ണൂർ ജില്ലാ പഞ്ചായത്ത് ഒരു കോടി രൂപയുടെ സഹായധനം മുഖ്യമന്ത്രിയ്ക്ക് കൈമാറി. കേരളത്തിലെ മൂന്ന് ഐടി പാർക്കുകൾ ചേർന്ന് 2.1 കോടി രൂപയും ദുരിതാശ്വാസ നിധിയിലേക്ക് നൽകി. ഒരു കോടി രൂപ ദുരിതാശ്വാസ നിധിയിലേക്ക് നൽകുമെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചു. വയനാട് ദുരന്തത്തിൻറെ പശ്ചാത്തലത്തിൽ 140 കോടി രൂപയാണ് ഇതുവരെ CMDRF ലേക്ക് ലഭിച്ചിട്ടുള്ളത്.

*****************************************************************************

## മഴ - സംസ്ഥാനം

സംസ്ഥാനത്ത് വെള്ളിയാഴ്ച വരെ ഇടിമിന്നലോട് കൂടിയ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാവകുപ്പ്. എറണാകുളം, തൃശൂർ, കണ്ണൂർ ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത നൽകിയിട്ടുണ്ട്. മറ്റെല്ലാ ജില്ലകളിലും മഞ്ഞ ജാഗ്രതയാണ്. കോഴിക്കോട്, വയനാട് ജില്ലകളിൽ നാളെയും ഓറഞ്ച് ജാഗ്രത

RNU TVPM

നൽകിയിട്ടുണ്ട്. കേരള - ലക്ഷദ്വീപ് - കർണാടക തീരങ്ങളിൽ മത്സ്യബന്ധനത്തിന് പോകരുതെന്നാണ് മുന്നറിയിപ്പ്.

## <u>പി.ആർ ശ്രീജേഷ്</u>

വിരമിച്ച ഹോക്കി ടീം ക്യാപ്റ്റനും, ഗോൾ കീപ്പറുമായ പി ആർ ശ്രീജേഷിനോടുള്ള ആദരസൂചകമായി 16-ാം നമ്പർ ജേഴ്സി ഹോക്കി ഇന്ത്യ പിൻവലിച്ചു. രണ്ട് ഒളിമ്പിക്സുകളിൽ ഉൾപ്പെടെ ഇന്ത്യൻ ടീമിനെ മെഡൽ നേട്ടത്തിലേക്ക് നയിച്ചതിനുള്ള അംഗീകാരമായാണ് തീരുമാനം.

പി.ആർ ശ്രീജേഷിനെ ജൂനിയർ ഹോക്കി ടീമിൻറെ പരിശീലകനാക്കിയുള്ള പ്രഖ്യാപനവും അധികം വൈകാതെ ഉണ്ടായേക്കും.

## <u>സ്കൂൾ പാചകതൊഴിലാളികൾ</u>

സംസ്ഥാനത്തെ സ്കൂൾ ഉച്ച ഭക്ഷണ പാചക തൊഴിലാളികൾക്ക് വേതന വിതരണത്തിനായി 33.63 കോടി രൂപ ധനവകുപപ്് അനുവദിച്ചു. 13,560 തൊഴിലാളികളുടെ ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ വേതനം നൽകുന്നതിനായാണ് തുക അനുവദിച്ചത്.

RNU TVPM